LIBRARY ARCHIVES Kerala Legislative Assembly

എൻ.എച്ച്- 66 ന്റെ വികസനം

97 (846) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്- 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എത്ര റീച്ചുകളുടെ ടെണ്ടർ പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് 4 റീച്ചുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ ഒരു പ്രവൃത്തി പുരോഗതിയിലാണ്. ബാക്കിയുള്ളവ കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഏതൊക്കെ ഏജൻസികളാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഏജൻസികൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി-തുരങ്കപാത സർവ്വേ നടപടികൾ

98 (847) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടിനെയും വയനാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി തുരങ്കപാതയുടെ സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

പ്രാഥമിക സർവ്വേ എസ്.പി.വി. ആയ കൊങ്കൺ റെയിവേ പൂർത്തിയാക്കി. ഇപ്പോൾ വനം വകുപ്പിൽനിന്നും ലഭ്യമായ വനഭൂമിയുടെ മാപ്പുകൾ സർവ്വേ സ്കെച്ചുമായി താരതമ്യം ചെയ്ത്, സർവ്വേ സ്കെച്ച്, വനഭൂമിയുടെ മാപ്പ് എന്നിവ ഒന്നിച്ചാക്കി ത്രുപരേഖ തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പാതയ്ക്ക് ഏതൊക്കെ കേന്ദ്ര ഏജൻസി/വകുപ്പുകളുടെ അംഗീകാരമാണ് ആവശ്യമുള്ളത്; അതിൽ ഏതൊക്കെ ഏജൻസി/ വകുപ്പുകളുടെ അംഗീകാരം ഇതിനകം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

പ്രസ്തുത പദ്ധതിക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം നേടേണ്ടതായുണ്ട്. ആയത് ലഭ്യമായിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.